(എഫ്) വാർഡുകളുടെ പുനഃസംഘടന സംബന്ധിച്ചുള്ള കേരള പഞ്ചായത്ത്‌രാജ് ആക്ട് നിയമത്തിലെ വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു:

1. ഓരോ പഞ്ചായത്തിന്റെയും അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും നിയോജക മണ്ഡലങ്ങളായി വിഭജിക്കേണ്ടതും അപ്രകാരമുള്ള നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുമാണ്.

2. ഓരോ നിയോജക മണ്ഡലത്തിലെയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ആ പഞ്ചായത്തു പ്രദേശത്തിലൊട്ടാകെ ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

3. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജക മണ്ഡലമായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമ പഞ്ചായത്തിന്റെ നിയോജക മണ്ഡലത്തേയോ, ഒരു ജില്ലാ പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജക മണ്ഡലങ്ങളായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ നിയോജക മണ്ഡലത്തേയോ ഒന്നിലധികം ഭാഗങ്ങളായി വേർതിരിക്കാത്ത വിധത്തിൽ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ മേൽ സൂചിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

91 [866] ശ്രീ. പി. നാരായണൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ മേയർമാരേയും മുനിസിപ്പൽ ചെയർമാൻമാരേയും പഞ്ചായത്ത് പ്രസിഡന്റ്മാരേയും നേരിട്ട് വോട്ടർമാർ തെരഞ്ഞെടുക്കുന്ന രീതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദവിവരവും പ്രസ്തുത രീതി എപ്പോൾ മുതൽ പ്രാബല്യത്തിൽ വരുമെന്നും വ്യക്തമാക്കുമോ ;

(സി) ജനസംഖ്യാനുപാതികമായി എത്ര പഞ്ചായത്തുകൾ വിഭജിക്കേണ്ടതായിട്ടുണ്ട് ; അതിനുള്ള നടപടി ഏതുവരെയായി എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-ലെ കാനേഷുമാരി കണക്കനുസരിച്ച് 50,000-ത്തിൽ കൂടുതൽ ജനസംഖ്യ ഉള്ളതും 30 സ്ക്വയർ കിലോമീറ്ററിനുമേൽ വിസ്തൃതിയുള്ളതുമായ 9 പഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

പുതുതായി പഞ്ചായത്ത് രൂപീകരണം

92 [867] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) പുനർനിർണ്ണയത്തിന്റെ നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 50,000-ൽ അധികം ജനസംഖ്യ ഉള്ളതും 30 ച.കി.മീറ്ററിൽ കൂടുതൽ വിസ്തൃതി ഉള്ളതും തനതു ഫണ്ട് സ്വരൂപിക്കാൻ കഴിവുള്ളതുമായ പഞ്ചായത്തുകളെയാണ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്ത് വിഭജനം

93 [868] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ ഏതെല്ലാം പഞ്ചായത്തുകൾ വിഭജിക്കാൻ നീക്കം നടക്കുന്നുണ്ട് ;

(ബി) കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്ത് ഏതാണ് ; പ്രസ്തുത പഞ്ചായത്ത് വിഭജിക്കുന്നുണ്ടോ ;

(സി) ചാത്തന്നൂർ പഞ്ചായത്ത് വിഭജിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഏതൊക്കെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പഞ്ചായത്ത് വിഭജനം നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly